**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 27** **22-02-2022 - ൽ മറുപടിയ്ക്ക്**

**രാഷ്ട്രീയ കൊലപാതകങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. എം.വിജിൻ,<br>ശ്രീ. കെ.എം.സച്ചിൻദേവ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നടന്ന രാഷ്ട്രീയ കൊലപാതകങ്ങളും പ്രതിസ്ഥാനത്തുള്ളവരുടെ രാഷ്ട്രീയ ബന്ധവും അറിയിക്കാമോ; | (എ) | ഈ സർക്കാർ അധികാര ത്തിൽ വന്ന ശേഷം 6 രാഷ്ട്രീയ കൊലപാതകങ്ങൾ സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ട്. മരണപ്പെട്ടവരുടെ പേരും പ്രതികളുടെ രാഷ്ട്രീയ ബന്ധവും അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (ബി) | ഇടുക്കി ഗവൺമെന്റ് എൻജിനീയറിംഗ് കോളേജ് വിദ്യാർത്ഥിയായിരുന്ന ധീരജ് രാജേന്ദ്രനെ കൊലപ്പെടുത്തിയ കേസിലെ പ്രതികൾ ആരൊക്കെയെന്നും അവർ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുടെയോ പോഷക സംഘടനയുടെയോ ഭാരവാഹിത്വം വഹിക്കുന്നവരാണോ എന്നും അറിയിക്കാമോ; | (ബി) | ഇടുക്കി ഗവൺമെന്റ് എൻജിനീയറിംഗ് കോളേജ് വിദ്യാർത്ഥിയായിരുന്ന ധീരജ് രാജേന്ദ്രനെ കൊലപ്പെടുത്തിയ കേസിൽ യൂത്ത് കോൺഗ്രസ്, കെ.എസ്.യു ഭാരവാഹികളും പ്രവർത്തകരുമായ 8 പ്രതികൾ ഉൾപ്പെട്ടിട്ടുണ്ട്. അധിക വിവരങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |
| (സി) | ഒരു പ്രമുഖ രാഷ്ട്രീയ പാർട്ടിയുടെ സംസ്ഥാന നേതാവ് കൊലയാളികളെ ന്യായീകരിക്കും വിധത്തിൽ പത്രസമ്മേളനം നടത്തിയതിന്റെ പശ്ചാത്തലത്തിൽ കൊലപാതകത്തിന് പിന്നിലുള്ള ഗൂഢാലോചന വെളിച്ചത്ത് കൊണ്ടുവരാൻ വിപുലമായ അന്വേഷണം നടത്തുമോ; | (സി) | പ്രസ്തുത കേസിന്റെ സമഗ്രമായ അന്വേഷണത്തിനായി ഇടുക്കി ജില്ലാ പോലീസ് മേധാവിയുടെ മേൽനോട്ടത്തിൽ ഒരു സ്പെഷ്യൽ ടീം രൂപീകരിച്ച് അന്വേഷണ ചുമതല ഇടുക്കി ഡി.വൈ.എസ്.പി. ക്ക് നൽകിയിട്ടുണ്ട്. കേസിൽ ഏതെങ്കിലും തരത്തിലുള്ള ഗൂഢാലോചനകൾ നടന്നിട്ടുണ്ടോ എന്നത് ഈ ടീമിന്റെ അന്വേഷണ പരിധിയിൽ വരുന്നതാണ്. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പോലീസ് കർശനമായ തുടർനടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | ഇത്തരത്തിൽ പ്രസ്താവനയാലും അഭിപ്രായ പ്രകടനം വഴിയും അസഹ്യത ഉണ്ടാക്കുകയോ കലാപം പ്രോത്സാഹിപ്പിക്കുകയോ ചെയ്യുന്നവരുടെ മേൽ കേരള പോലിസ് ആക്ടിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം നടപടിയെടുക്കുന്ന കാര്യം പരിശോധിക്കുമോ; | (ഡി) | (സി) ൽ ചേർത്തിട്ടുണ്ട്. |
| (ഇ) | രാഷ്ട്രീയ ഭേദത്തിന്റെ പേരിലുള്ള | (ഇ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം |

| | | | |
|---|---|---|---|
| | കൊലപാതകങ്ങൾക്ക് അറുതി വരുത്താൻ സ്വീകരിച്ചു വരുന്ന നടപടികൾ അറിയിക്കാമോ? | | സംസ്ഥാനത്ത് ആറ് രാഷ്ട്രീയ കൊലപാതകങ്ങളുണ്ടായിട്ടുണ്ട്. ഈ കൊലപാതകങ്ങളെ തുടർന്ന് സംസ്ഥാനത്ത് സംഘട്ടനങ്ങളുണ്ടാകാനുള്ള സാധ്യത കണക്കിലെടുത്ത് പഴുതടച്ച സുരക്ഷാക്രമീകരണങ്ങളാണ് പോലീസ് ഏർപ്പെടുത്തിയിട്ടുള്ളത്. സംഘർഷ സാധ്യതയുള്ള പ്രദേശങ്ങളെ നിരീക്ഷിച്ച് ആവശ്യമായ മുൻകരുതലുകൾ സ്വീകരിച്ചു. രാഷ്ട്രീയ പാർട്ടികളെയും മറ്റും ഉൾപ്പെടുത്തി സമാധാന ചർച്ചകൾ നടത്തി. എല്ലാ കേസുകളിലെയും പ്രധാന പ്രതികളെ ഉടൻതന്നെ കണ്ടെത്തി അറസ്റ്റ് ചെയ്തു. സംസ്ഥാനത്തെ ക്രമസമാധാന അന്തരീക്ഷത്തിന് ഭംഗം വരുത്തുന്ന പ്രവർത്തനത്തിൽ ഏർപ്പെട്ടവരെ കണ്ടെത്തി നിയമനടപടികൾ സ്വീകരിച്ചു. സാമൂഹിക മാധ്യമങ്ങളിൽ കർശനമായ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തി. |

സെക്ഷൻ ഓഫീസർ

അനുബന്ധം 1.

| രാഷ്ട്രീയ കൊലപാതകങ്ങൾ (20-05-2021 to 21-02-2022) | | | | | | | |
|---|---|---|---|---|---|---|---|
| നമ്പർ | കൊല്ലപ്പെട്ട തീയതി | മരണപ്പെട്ട വ്യക്തി | മരണപ്പെട്ടയാൾ പ്രതിനിധാനം ചെയ്യുന്ന പാർട്ടി | ജില്ല | പോലീസ് സ്റ്റേഷൻ | ക്രൈം നമ്പർ | പ്രതികൾ പ്രതിനിധാനം ചെയ്യുന്ന പാർട്ടി |
| 1 | 15-11-2021 | സഞ്ജിത്ത് | ആർഎസ്എസ് | പാലക്കാട് | ടൌൺ സൌത്ത് | Cr No.487/2021 | എസ്ഡിപിഐ |
| 2 | 02-12-2021 | സന്ദീപ് | സിപിഐ(എം) | പത്തനംതിട്ട | പുളിക്കീഴ് | Cr. No. 1016/21 | ആർഎസ്എസ്/ബിജെപി |
| 3 | 18-12-2021 | കെ എസ് ഷാൻ | എസ്ഡിപിഐ | ആലപ്പുഴ | മണ്ണഞ്ചേരി | Cr. No. 621/2021 | ആർഎസ്എസ്/ബിജെപി |
| 4 | 19-12-2021 | രഞ്ജിത് ശ്രീനിവാസ് | ആർഎസ്എസ് | ആലപ്പുഴ | സൌത്ത് പോലീസ് സ്റ്റേഷൻ | Cr. No. 897/2021 | എസ്ഡിപിഐ |
| 5 | 10-01-2022 | ധീരജ് | എസ്എഫ്ഐ | ഇടുക്കി | ഇടുക്കി | Cr. No. 37/2022 | യൂത്ത് കോൺഗ്രസ് /കെഎസ്‌യു |
| 6 | 21/02/2022 | ഹരിദാസ് | സി.പി.എം. | കണ്ണൂർ | ന്യൂ മാഹി | Cr. No 183/2022 | BJP പ്രവർത്തകർ എന്നു സംശയിക്കപ്പെടുന്നവർ |

മെമ്പർ സെക്രട്ടറി

അനുബന്ധം 2

## ഇടുക്കി ഗവൺമെന്റ് എൻജിനീയറിംഗ് കോളേജ് വിദ്യാർത്ഥിയായിരുന്ന ധീരജ് രാജേന്ദ്രനെ കൊലപ്പെടുത്തിയ കേസിലെ പ്രതികളെ സംബന്ധിച്ചുള്ള വിവരം

| ക്രമ നമ്പർ | പ്രതികളുടെ പേര് | പ്രതികളുടെ രാഷ്ട്രീയ ബന്ധം |
|---|---|---|
| 1 | നിഖിൽ പൈലി | യൂത്ത് കോൺഗ്രസ് പ്രസിഡന്റ്, വാഴത്തോപ്പ് മണ്ഡലം |
| 2 | ജെറിൻ ജോജോ | കെ.എസ്.യു. ഇടുക്കി നിയോജക മണ്ഡലം സെക്രട്ടറി |
| 3 | ടോണി അബ്രഹാം | കെ.എസ്.യു. ഇടുക്കി നിയോജക മണ്ഡലം പ്രസിഡന്റ് |
| 4 | നിധിൻ ലൂക്കോസ് | കെ.എസ്.യു. ഇടുക്കി ജില്ല ജനറൽ സെക്രട്ടറി |
| 5 | ജിതിൻ തോമസ് @ ഉപ്പൻ | കെ.എസ്.യു. ഇടുക്കി ജില്ലാ സെക്രട്ടറി |
| 6 | സോയിമോൻ സണ്ണി | കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്ത് നാലാം വാർഡ് യു.ഡി.എഫ്. മെമ്പർ |
| 7 | ജസ്റ്റിൻ ജോയ് | യൂത്ത് കോൺഗ്രസ് അനുഭാവി |
| 8 | അലൻ ബേബി | യൂത്ത് കോൺഗ്രസ് അനുഭാവി |

സെക്ഷൻ ഓഫീസർ